KSCSTE JNTBGRI

കെ എസ് സി എസ് ടി ഇ ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ

ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

KSCSTE Jawaharlal Nehru Tropical Botanic Garden and Research Institute

An Institution of Kerala State Council for Science, Technology&Environment;
National Centre of Excellence

No. **JNTBGRI/1239/SK/2026** **05-08-2026**

## താത്പര്യപത്രം

## (എക്സ്പ്രഷൻ ഓഫ് ഇൻടസ്റ്റ് EOI) ക്ഷണിക്കുന്നു

കേരള ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2026-ൽ നടക്കുന്ന ഓണാഘോഷ സമാപന ഘോഷയാത്രയിൽ **"ജൈവവൈവിധ്യത്തിന്റെ നാശത്തിൽ നിന്ന് സംരക്ഷണത്തിന്റെ പുതുയുഗത്തിലേക്ക്"** എന്ന പ്രമേയത്തെ ആസ്പദമാക്കി ജെ.എൻ.ടി.ബി.ജി.ആർ.ഐ.യുടെ ഫ്ലോട്ട് രൂപകൽപ്പന ചെയ്യുന്നതിനും നിർമ്മിച്ച് ഘോഷയാത്രയിൽ അവതരിപ്പിക്കുന്നതിനുമായി പരിചയസമ്പന്നരായ വ്യക്തികൾ/ഏജൻസികൾ/സ്ഥാപനങ്ങൾ എന്നിവരിൽ നിന്ന് താത്പര്യപത്രം **(Expression of Interest)** ക്ഷണിക്കുന്നു.

### അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

1. ഫ്ലോട്ടിന്റെ ആശയക്കുറിപ്പ് (Concept Note).
2. ഫ്ലോട്ടിന്റെ വിശദമായ ഡ്രോയിംഗ്, ഡിസൈൻ.
3. നിർമ്മാണരീതിയും ഉപയോഗിക്കുന്ന സാമഗ്രികളുടെ വിശദാംശങ്ങളും.
4. ഫ്ലോട്ട് നിർമ്മാണത്തിനുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റ്.
5. സമാന പ്രവൃത്തികൾ നിർവഹിച്ചിട്ടുള്ള അനുഭവവിവരങ്ങൾ (ഉണ്ടെങ്കിൽ).

### ഫ്ലോട്ടിന്റെ അളവുകൾ

ഫ്ലോട്ടിന്റെ അളവുകൾ താഴെപ്പറയുന്ന പരിധിക്കുള്ളിൽ ആയിരിക്കണം.

- നീളം : 20 അടി
- വീതി : 10 അടി
- റോഡിൽ നിന്ന് പരമാവധി ഉയരം : 16 അടി 3 ഇഞ്ച്

മുകളിൽ നിർദ്ദേശിച്ചിരിക്കുന്ന അളവുകൾ യാതൊരു കാരണവശാലും കവിയാൻ പാടില്ല.

### മറ്റ് നിബന്ധനകൾ

- AI (Artificial Intelligence) ഉപയോഗിച്ച് സൃഷ്ടിച്ച ചിത്രങ്ങൾ/ഡിസൈനുകൾ അപേക്ഷയുടെ ഭാഗമായി സ്വീകരിക്കുന്നതല്ല.
- അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന ഡ്രോയിംഗുകളും ഡിസൈനുകളും അപേക്ഷകന്റെ സ്വന്തം യഥാർത്ഥ സൃഷ്ടികളായിരിക്കണം.
- ലഭിക്കുന്ന അപേക്ഷകൾ സ്ഥാപനം നിയോഗിക്കുന്ന സമിതി സാങ്കേതിക മികവ്, കലാപരമായ നിലവാരം, പ്രമേയാവതരണം, പ്രായോഗികത, ബജറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നതാണ്.
- സമിതി തിരഞ്ഞെടുക്കുന്ന അപേക്ഷകന്/ഏജൻസിക്ക് ഫ്ലോട്ട് നിർമ്മാണത്തിനുള്ള ഔദ്യോഗിക വർക്ക് ഓർഡർ നൽകുന്നതായിരിക്കും.
- ഫ്ലോട്ട് രൂപകൽപ്പന, നിർമ്മാണം, അലങ്കാരം, ലൈറ്റിംഗ്, അനുബന്ധ സാമഗ്രികൾ, സേവനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ ആകെ ചെലവ് പരമാവധി ₹4,00,000/- (നാല് ലക്ഷം രൂപ) കവിയാൻ പാടില്ല.

- വർക്ക് ഓർഡർ ലഭിക്കുന്ന മുറയ്ക്ക്, 2026 ആഗസ്റ്റ് 30-ന് നടക്കുന്ന കേരള ടൂറിസം വകുപ്പിന്റെ ഓണാഘോഷ സമാപന ഘോഷയാത്രയിൽ പങ്കെടുക്കുന്നതിനായി ഫ്ലോട്ട് പൂർണ്ണമായും നിർമ്മിച്ച്, സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച്, സമയബന്ധിതമായി സജ്ജമാക്കി കൈമാറേണ്ടതാണ്.
- സ്ഥാപനത്തിന്റെ **തീരുമാനം** അന്തിമമായിരിക്കും.

**അപേക്ഷ** സമർപ്പിക്കേണ്ട **അവസാന തീയതി 11.08.2026**

**S. SREEKUMAR**

**DIRECTOR(I/C) JNTBGRI**

Karimancode P.O.,Pacha-Palode,Thiruvananthapuram-695562,Kerala,India.
Ph:+91 (0)4722869226,2869626, 2869628;Fax:+91(0)472869646,2868902;E-mail:director@jntbgri.res.in;web: www.jntbgri.res.in